# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2497 14.12.2015-ൽ മറുപടിക്ക്

**സുകൃതം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സുകൃതം ചികിത്സാ പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് കാൻസർ രോഗ ബാധിതർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാലും ക്യാൻസർ രോഗ ചികിത്സയ്ക്ക് ഭാരിച്ച ചെലവ് വേണ്ടി വരുന്നതിനാലും സാധാരണക്കാരായ ജനങ്ങൾക്ക് ക്യാൻസർ ചികിത്സ അപ്രാപ്യമാവുകയും ക്യാൻസർ മരണനിരക്ക് കൂടുന്നതിന് കാരണമാകുകയും ചെയ്യുന്നു. ഈ അവസ്ഥബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സുകൃതം. സംസ്ഥാനത്ത് എല്ലാ ക്യാൻസർ രോഗികൾക്കും സൗജന്യചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ സുകൃതം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ഒന്നാം ഘട്ടത്തിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പാക്കി വരുന്നു. സുകൃതം പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷം 11 കോടി രൂപ മെഡിക്കൽ കോളേജുകൾക്ക് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം റീജ്യണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ കണ്ണൂർ, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ആദ്യമായി ഈ പദ്ധതി ലഭ്യമായിട്ടുള്ളത്. ആർ.എസ്.ബി.വൈ/ കാരുണ്യ/താലോലം തുടങ്ങിയ ഫണ്ടുകൾ പ്രയോജനപ്പെടുത്തിയ ശേഷമേ സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുകയുള്ളു. ഇതിനായി സംസ്ഥാന തലത്തിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും ധനസമാഹരണത്തിന് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>പ്രാരംഭഘട്ടത്തിൽ താഴെപ്പറയുന്നവർക്ക് 3 ലക്ഷം രൂപ വരെയുള്ള ചികിത്സാ സൗജന്യം ലഭിക്കുന്നതായിരിക്കും. |

| | | | |
|---|---|---|---|
| | | | **അർഹരായവർ**<br>• ബി.പി.എൽ (BPL)കാർഡുള്ളവർ<br>• ആർ.എസ്.ബി.വൈ. (RSBY) കാർഡുള്ളവർ<br>• ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് മുൻസിപ്പൽ സെക്രട്ടറിമാർ നൽകുന്ന സർട്ടിഫിക്കറ്റുള്ളവർ<br>കേരളത്തിലുള്ള ബി.പി.എൽ കാർഡുടമകൾക്ക് ക്യാൻസർ രോഗം സ്ഥിരീകരിച്ച് കഴിഞ്ഞാൽ 3 ലക്ഷം രൂപ വരെയുള്ള ക്യാൻസർ ചികിത്സ സൗജന്യമായി നൽകുന്നതിനായി കേരള സർക്കാർ 2014 നവംബർ 1 മുതൽ നടപ്പിലാക്കിയ ഒരു പദ്ധതിയാണ് സുകൃതം. ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി അതാത് ആശുപത്രികളിൽ നിയമിച്ചിട്ടുള്ള സുകൃതം വോളന്റിയേഴ്സിനെ രോഗിയുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡുമായി സമീപിച്ചാൽ പ്രസ്തുത രോഗിയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ ലഭ്യമാക്കുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിനായി വലിയ സാമ്പത്തിക ബാധ്യത വേണ്ടി വരുന്നതിനാൽ ആദ്യഘട്ടത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബി.പി.എൽ, ആർ.എസ്.ബി.വൈ കാർഡ് ഉടമകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബി.പി.എൽ വരുമാന സർട്ടിഫിക്കറ്റ് ഉള്ളവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിവരും. പ്രതിവർഷം 300 കോടിയോളം രൂപ ചെലവു വരുന്നതാണ് ഈ പദ്ധതി. ആദ്യഘട്ടത്തിൽ 35 ലക്ഷം കുടുംബാംഗങ്ങൾക്ക് സഹായമെത്തിക്കുകയാണ് സുകൃതം പദ്ധതിയുടെ ലക്ഷ്യം. രണ്ടാം ഘട്ടത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു സാമ്പത്തികവർഷം ഏകദേശം 10 കോടി യിൽപരം രൂപയുടെ ചെലവുവരാമെന്ന് അനുമാനിക്കുന്നു. |

**സെക്ഷൻ ഓഫീസർ**